ശീർഷകത്തിൽ നിന്നും 1.7 ലക്ഷംരൂപയും വില്ലേജ് പഞ്ചായത്തിന്റെ ശീർഷകത്തിൽ നിന്ന് 2.20 ലക്ഷംരൂപയും ഉൾപ്പെടെ ആകെ 4.00 ലക്ഷം രൂപ കുറവ് ചെയ്യുകയും ആയത് ബ്ലോക്ക് പഞ്ചായത്തിനുവേണ്ടി വകയിരുത്തുകയും ചെയ്യ.

2014-15 വർഷം പ്ലാൻ ഇനത്തിൽ 121.10 ലക്ഷംരൂപയും നോൺ പ്ലാൻ ഇനത്തിൽ 376.68 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. (പട്ടിക അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.).*

പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള ആകെ തുകയായ 5721.00 ലക്ഷം രൂപയിൽ 5377.00 ലക്ഷം രൂപ ഗ്രാമവികസന വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. ആയതിന്റെ ചെലവുകണക്കുകൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) പട്ടികജാതി വികസന വകുപ്പിൽ നിന്ന് 2015-16-ലെ റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് പദ്ധതിയനുസരിച്ച് ബഡ്ജറ്റ് വിഹിതമായി പ്ലാൻ ഇനത്തിൽ 20,704.00 ലക്ഷംരൂപയും നോൺ പ്ലാൻ ഇനത്തിൽ 444.14 ലക്ഷംരൂപയും ഉൾപ്പെടെ ആകെ 21145.14 ലക്ഷംരൂപ വകയിരുത്തിയിരിക്കുന്നു.

2015-16 വർഷം പ്ലാൻ ഇനത്തിൽ 58.80 ലക്ഷംരൂപയും നോൺ പ്ലാൻ ഇനത്തിൽ 205.55 ലക്ഷംരൂപയും ചെലവഴിച്ചിട്ടുണ്ട്. (പട്ടിക അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.)*

പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള ആകെ തുകയായ 20,704.00 ലക്ഷംരൂപയിൽ 20,324.00 ലക്ഷംരൂപ ഗ്രാമവികസന വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. ആയതിന്റെ ചെലവു കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

പിന്നാക്ക സമുദായക്ഷേമ വകുപ്പ് മുഖേനയുള്ള പദ്ധതികൾ

201 (2410) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നാക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായക്ഷേമവകുപ്പ് മുഖേന നടപ്പിൽ വരുത്തുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

ചാലക്കുടി മണ്ഡലത്തിലെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

202 (2411) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ പാറയം എസ്.സി. കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ചാലക്കുടി മണ്ഡലത്തിലെ കുറ്റിച്ചിറ അംബേദ്കർ കോളനികളുൾപ്പെടെയുള്ള വിവിധ എസ്.സി. കോളനികളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ പാറയം ഐ.എച്ച്.ഡി.പി. കോളനിയിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

ഭവന പുനരുദ്ധാരണം	20 എണ്ണം
കിണർ മെയിന്റനൻസ്	വ്യക്തിഗതം 8 എണ്ണം പൊതുകിണർ ഒരെണ്ണം
കോൺക്രീറ്റ് റോഡ് & ഡ്രെയിനേജ്	രണ്ടെണ്ണം പൂർത്തിയായി
കമ്മ്യൂണിറ്റി ഹാൾ, അംഗനവാടി & ഇലക്ട്രിക് വർക്സ്	രണ്ടുനില വാർപ്പ് കഴിഞ്ഞു. മൂന്നാം നിലയുടെ പണി നടന്നുകൊണ്ടിരിക്കുന്നു.
ശ്മശാനം- ഗേറ്റ്/ചുറ്റുമതിൽ	അറ്റകുറ്റപ്പണികൾനടന്നുകൊണ്ടിരിക്കുന്നു. ചുറ്റുമതിൽ പൂർത്തിയായി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly